**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5937** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക് രൂപത്തിലുള്ള വിരൽ പതിപ്പ് എടുത്ത് പതിപ്പിക്കുന്ന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആധാരം എഴുതിക്കൊടുക്കുന്ന കക്ഷികളുടെ ഫോട്ടോയും മറ്റും ഓഫീസിൽ വച്ച് തന്നെ എടുക്കുകയും ഇലക്ട്രോണിക് രൂപത്തിലുള്ള വിരൽ പതിപ്പ് എടുത്ത് പതിപ്പിക്കുന്ന സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ? | (എ) | പരിഗണനയിൽ ഉണ്ട്. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിന്റെ ഭാഗമായി 12.09.2021 -ലെ GO(Rt) No.618/2021 നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സൗകര്യം നടപ്പിലാക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയർ പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിക്കുകയുണ്ടായി. രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന കക്ഷികളുടെ വിരൽപ്പതിപ്പ് ഇലക്ട്രോണിക്ക് ഉപകരണത്തിന്റെ സഹായത്താൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയ ശേഷം ആധാരത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഭാഗമായുള്ള പുറത്തെഴുത്തിൽ ഫോട്ടോയും വിരൽപ്പതിപ്പും പ്രിന്റ് ചെയ്ത് വരുന്ന രീതിയാണ് അവലംബിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ